## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3822 | 21.06.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. യ്ക്കു മുമ്പുണ്ടായിരുന്ന നികുതികളിലെ കുടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. ക്കു മുമ്പുണ്ടായിരുന്ന വിവിധ നികുതികളിൽ (പൊതു വിൽപ്പന നികുതി, വാറ്റ്, കേന്ദ്ര വാണിജ്യ നികുതി, ആഡംബര നികുതി) എത്ര തുക കുടിശ്ശിക ഉണ്ട്; വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് ജി.എസ്.ടി.ക്കു മുമ്പുണ്ടായിരുന്ന വിവിധ നികുതികളിൽ (പൊതു വില്പന നികുതി, വാറ്റ്, കേന്ദ്ര വാണിജ്യ നികുതി, ആഡംബര നികുതി) 13305.86 കോടി രൂപ കുടിശ്ശികയുണ്ട്. അവയിൽ കോടതി വ്യവഹാരങ്ങളിൽ 3555.14 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | അവയിൽ കോടതി വ്യവഹാരങ്ങളിൽ പെട്ടത് എത്ര തുകയാണ്; | | |
| (സി) | കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി പദ്ധതി) പ്രകാരം നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ട്; | (സി) | കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി പദ്ധതി) പ്രകാരം നാളിതു വരെയായി (18.06.2019 വരെ) 11.31 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇനിയും എത്ര തുകയാണ് ലഭിക്കാൻ ബാക്കിയുള്ളത്; എങ്കിൽ ആയത് പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച മാർഗങ്ങൾ / നടപടികൾ എന്തെല്ലാം ആണ്; വ്യക്തമാക്കുമോ? | (ഡി) | 18.06.2019 വരെ 10792 അപേക്ഷകൾ ലഭിച്ചതിൽ 110.77 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പലിശ, പെനാൽറ്റി എന്നിവയും ഇതുവരെ ലഭിച്ച തുകയും കിഴിച്ച് 53.84 കോടി രൂപ ലഭിക്കുവാനുണ്ട്. 30.09.2019 വരെ അപേക്ഷ സമർപ്പിക്കുവാൻ കാലാവധി ഉള്ളതുകൊണ്ട് ഇനിയും അപേക്ഷകൾ ലഭിക്കുന്നതാണ്. നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | കുടിശ്ശികക്കാരെ നേരിൽ കണ്ട് കുടിശ്ശിക വിവരം അറിയിച്ച് ആംനസ്റ്റി പദ്ധതിയിൽ ചേരുന്നതിനുള്ള ബോധവൽക്കരണം നടത്തി വരുന്നു. കൂടാതെ ജില്ലാ തലത്തിൽ ആംനസ്റ്റി അദാലത്തുകൾ നടത്തി കൂടുതൽ അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള തീവ്ര ശ്രമവും നടത്തി വരുന്നു. പത്ര മാധ്യമ പരസ്യങ്ങളും നല്കി വരുകയാണ്. അപ്പലേറ്റ് അധികാരി മുമ്പിൽ തീർപ്പാക്കാനുള്ള കേസുകൾ എത്രയും വേഗം തീർപ്പാക്കാനുള്ള നിർദ്ദേശം നൽകി അവയുടെ പുരോഗതി അവലോകനം ചെയ്തു വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**